PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

First Session—1959

(Second Meeting)

Saturday, the 6th June 1959.

KERALA LEGISLATURE LIBRARY
Trivandrum

The Assembly met in the Assembly Chamber, Trivandrum at Eight of the Clock, on Saturday, the 6th June 1959 with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

സെക്യൂരിറ്റി പ്രിന്ററിംഗ് പ്രസ്സ്.

* 1710. [1] ശ്രീ. സി. കെ. നാരായണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ ഗവണ്മെൻറിൽനിന്നും കേരളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന സെക്യൂരിറ്റി പ്രിൻറിംഗ് പ്രസ്സ് മറ്റൊരിടത്തെങ്കിലും സ്ഥാപിക്കാൻ ഒരു ശ്രമം നടക്കുന്നതായി 21-5-1959-ൽ 'ജനയുഗം' ദിനപ്പത്രം റിപ്പോർട്ട് ചെയ്തിരുന്നതു ഗവണ്മെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്യൂരിറ്റി പ്രസ്സ് കേരളത്തിൽത്തന്നെ സ്ഥാപിക്കാൻ ഈ ഗവണ്മെൻറ്, കേന്ദ്ര ഗവണ്മെൻറിനോടു് അഭ്യർത്ഥിക്കുമോ ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. ഇൻഡ്യാ ഗവണ്മെൻറ് കേരളത്തിൽ ഒരു സെക്യൂരിറ്റി പ്രസ്സ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതായി അറിവില്ല. കൊരട്ടിയിൽ ഒരു ഫാംസ് പ്രസ്സ് സ്ഥാപിക്കാൻ ഉദ്ദേശിച്ചതായി അറിയാം. അതു് മറ്റൊരിടത്തെങ്കിലും സ്ഥാപിക്കാൻ ശ്രമം നടത്തിയതായി അറിവില്ല.

(ബി) ഫാംസ് പ്രസ്സ് കൊരട്ടിയിൽ എത്രയുംവേഗം സ്ഥാപിക്കണമെന്നു് ഈ ഗവണ്മെൻറ് സെൻട്രൽ ഗവണ്മെൻറിനോടു് നിവേദനം നടത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാരായണൻകുട്ടി : ആ പ്രസ്സ് മറ്റാരിടത്തേക്ക് സ്ഥാപിക്കാനുള്ള ശ്രമം നടത്തുന്നു എന്നു് ഇൻഡ്യൻ ചേമ്പർ ആഫ് കാമേഴ്സ് പ്രസിഡൻറിന്റെ വല്ല കമ്പികളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഒരു കത്തു കിട്ടിയിട്ടുണ്ടു്. അങ്ങനെയുണ്ടെങ്കിൽ അതു മാറാൻ പാടില്ലെന്നു് എഴുതിയിട്ടുണ്ടു്.

വ്യാവസായിക വായ്പ

* 1711. [2] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വ്യാവസായിക വായ്പ ഇനത്തിൽ, ഗവണ്മെൻറിൽനിന്നും വാങ്ങിയിട്ടുള്ള തുക യഥാസമയം തിരിച്ചടയ്ക്കാതെ മുടക്കം വരുത്തിയിട്ടുള്ള വ്യവസായികൾ ഇപ്പോൾ എത്രയുണ്ടു് ; കുടിശ്ശിക വരുത്തിയിട്ടുള്ള തുക എത്ര ; ;

(ബി) കുടിശ്ശികത്തുക ഈടാക്കാൻ നിർവ്വാഹമില്ലാത്ത കേസ്സുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ എത്ര തുക ഗവണ്മെൻറിനു നഷ്ടം നേരിട്ടും ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ കെ. പി. ഗോപാലൻ) :

(എ) സ്മാൾസ്കെയിൽ ഇൻഡസ്ട്രീസ് സ്കീം അനുസരിച്ചു് 9 പേരും, സ്റ്റേറ്റ് എയിഡ്ഡ് ഇൻഡസ്ട്രീസ് ആക്ട് അനുസരിച്ചു് 10 പേരും, ഗവണ്മെൻറിൽനിന്നും നേരിട്ടു വായ്പ വാങ്ങിയ 5 പേരും കുടിശ്ശിക വരുത്തിയിട്ടുണ്ടു്. വിവരങ്ങൾ കാണിക്കുന്ന ഒരു † പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. ആകെ കുടിശ്ശിക വരുത്തിയ തുക 11,53,891 രൂപയാണു്.

(ബി) എല്ലാ വായ്പകളും മതിയായ ജാമ്യത്തിന്മേൽ കൊടുത്തതാകയാൽ ഈടാക്കാൻ നിവ്വാഹമില്ലാത്ത കേസ്സുകൾ ഉണ്ടാകാൻ ഇടയില്ല.

ശ്രീ. സി. എ. മാത്യു : ചില കുടിശ്ശികക്കാരുടെ പേരിൽ നടപടി നടത്തിയതായി പട്ടികയിൽ കാണുന്നില്ല. അങ്ങനെ ഒരു വ്യത്യസ്ത പരിഗണന വരാൻ കാരണംവല്ലതും ഉണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് സ്കീം പ്രകാരം കുടിശ്ശിക വരുത്തിയവരുടെ പേരിൽ റവന്യൂ റിക്കവറി ആക്ട് അനുസരിച്ചുള്ള നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്. സ്റ്റേറ്റ് എയിഡ്ഡ് ഇൻഡസ്ട്രീസ് ആക്ട് പ്രകാരം കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ കയ്യിൽ നിന്നും പണം ഈടാക്കാനും നടപടിയെടുത്തിട്ടുണ്ടു്. ഗവണ്മെൻറു് നേരിട്ടു കൊടുത്തതിൽ തൃശ്ശൂർ ഇനാമൽ ഇൻഡസ്ട്രീസ് വരുത്തിയിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി തുടർന്നുകൊണ്ടിരിക്കുന്നുണ്ടു്. കണ്ടറ ഇനാമൽസിൽ നിന്നും 1,47,368 രൂപ ഈടാക്കേണ്ടതുണ്ടു്. ആ ഫാക്ടറി മറ്റൊരു ഫാക്ടറി ഉടമസ്ഥൻ നടത്താമെന്നുള്ള അപേക്ഷ ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണു്. കൊച്ചിൻ മഹാലക്ഷ്മി മിൽസ് ഗവണ്മെൻറു് ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്. ഇലക്ട്രിക്കൽ അലൈഡ് ഇൻഡസ്ട്രീസും ഗവണ്മെൻറു് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു്. അങ്കമാലി ടെക്സ്റ്റൈൽസിൽ നിന്നും തുക ഈടാക്കാൻ റവന്യൂ റിക്കവറി ആക്ട് പ്രകാരം നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഗവണ്മെൻറു് മൂന്നിനങ്ങളിൽ കടം കൊടുത്തതിനെപ്പറ്റി പറഞ്ഞു. ഓരോ ഇനങ്ങളിലും എത്രപേർക്കാണു കൊടുത്തിട്ടുള്ളതു് ?

† Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly